പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5442 — 18.11.2019 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഫാർമസിസ്റ്റ് നിയമനം

ചോദ്യം
ശ്രീ.വി.എസ്.ശിവകുമാർ

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഫാർമസിസ്റ്റ്(കാറ്റഗറി നം.280/2014) തസ്തികയിലേയ്ക്കായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ അപാകത ചൂണ്ടിക്കാണിച്ച് കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; എത്ര ഉദ്യോഗാർത്ഥികളാണ് കേസിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) | നിലവിലുണ്ട്. 41 ഉദ്യോഗാർത്ഥികൾ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ പതിനാല് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിനെത്തുടർന്ന്, പ്രസ്തുത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ബഹു. ഹൈക്കോടതി 16.07.2019-ൽ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും നാളിതുവരെ പി.എസ്.സി. അനുബന്ധ (അഡെൻഡം) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | കൂട്ടിച്ചേർക്കൽ വിജ്ഞാപനം13.11.2019 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഹൈക്കോടതി വിധി 16.07.2019-ൽ വന്നിട്ടും പതിനാല് പേരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ പി.എസ്.സി. നേരത്തെ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 20.09.2019-ൽ പതിമൂന്ന് പേരെ നിയമിക്കുന്നതിനായി അഡ്വൈസ് നൽകിയതെന്തെന്ന് വിശദമാക്കുമോ; | (സി) യും (ഡി) യും (ഇ) യും | പ്രസ്തുത തസ്തികയ്ക്ക് നിലവിലുള്ള 54 ഒഴിവുകളിൽ 41 ഒഴിവുകൾ കോടതി വ്യവഹാരങ്ങളിൽപ്പെട്ടവയാണ്. ഇത് നിമിത്തം ഫലം തടഞ്ഞു വയ്ക്കപ്പെട്ടവർക്കായി മാറ്റിവച്ച്, ബാക്കി 13 ഒഴിവുകളിലേയ്ക്ക് 20.09.2019 ന് നിയമന ശിപാർശ നൽകിയിട്ടുണ്ട്.<br><br>വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നത്. ഇപ്രകാരം നിലവിൽ അവശേഷിക്കുന്ന 41 ഒഴിവുകളിൽ, 14 ഒഴിവുകൾ കോടതി |
| (ഡി) | കോടതി ഉത്തരവും മറ്റ് കേസുകളും നിലനിൽക്കെ അതേ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായി അഡ്വൈസ് നൽകുന്നത് കോടതി വിധിയുടെ ലംഘനമാണോയെന്ന് വ്യക്തമാക്കുമോ; ഇത്തരം അനാവശ്യ ധൃതികൾ | | |

| | | | |
|---|---|---|---|
| | ഉദ്യോഗാർത്ഥികളുടെ ഇടയിൽ തെറ്റായ സന്ദേശങ്ങൾ നൽകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | വിധിയുടെ അടിസ്ഥാനത്തിൽ നിയമന ശിപാർശ നൽകുന്നതാണ്. 14 പേരുടെ വ്യവഹാരങ്ങൾ തീർപ്പായതിൽ 8 പേരെ ഉൾപ്പെടുത്തി 13.11.2019 തീയതിയിൽ Addendum Notification നിലവിൽ വന്നിട്ടുണ്ട്. ടി 8 പേരുടെയും റാങ്ക് നില നിലവിൽ നിയമന ശിപാർശ ചെയ്യപ്പെട്ടവരുടെ താഴെയാണ്. |
| (ഇ) | കോടതി ഉത്തരവിനെത്തുടർന്ന് ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾക്കൊള്ളിക്കുമ്പോൾ ഇപ്പോൾ നിയമന ഉത്തരവിനായി അഡ്വൈസ് നൽകിയിട്ടുള്ള പതിമൂന്ന് പേർക്ക് മുകളിലായാണ് അവരുടെ റാങ്ക് ക്രമങ്ങളെങ്കിൽ പി.എസ്.സി.യുടെ ഇപ്പോഴത്തെ നടപടിയിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ